REPAIR TO CERTAIN TANKS—CRANGANUR TALUK

610. മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽപെട്ട പടാകുളം, ഭഗവാകുളം, ചെട്ടിക്കുളം എന്നീ കുളങ്ങൾ വെട്ടി നന്നാക്കീട്ട് എത്രകൊല്ലമായി;

(ബി) മേല്പറഞ്ഞ കുളങ്ങൾ നന്നാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഗവൺമെണ്ടിലേക്ക് വല്ല നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് നടത്തീട്ടുള്ളത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) പടാകുളം നന്നാക്കിയിട്ട് ഇപ്പോൾ ഏഴ് കൊല്ലങ്ങളോളം ആയിട്ടുണ്ട്; ഭഗവാകുളം നന്നാക്കിയിട്ട് ഇ കൊല്ലമായി; ചെട്ടിക്കുളം നന്നാക്കിയിട്ട് ഇപ്പോൾ ൻ കൊല്ലമായി.

(ബി) പടാകുളത്തെപ്പറ്റി പബ്ലിക്ക് വർക്സ്, പഞ്ചായത്ത്, ഈ ഡിപ്പാർട്ട്മെണ്ടുകളിൽ ഹർജികൾ വന്നിട്ടുണ്ട്. ഭഗവാകുളത്തേയും ചെട്ടിക്കുളത്തേയും സംബന്ധിച്ച് നിവേദനങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

(സി) പടാകുളം നന്നാക്കുന്നതിന്ന് വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്. ചെട്ടിക്കുളം വെടിപ്പാക്കുന്നതിന്ന് തിരക്കൊന്നുമില്ല. ഭഗവാകുളം വെടിപ്പാക്കുന്നകാര്യം വളരെ താമസിയാതെ ആലോചനക്ക് എടുക്കുന്നതാണ്.

SUGAR-CANE CULTIVATION—CHITTUR TALUK

611. മിസ്റ്റർ ആർ. എസ്സ്. തേവണ്ണ ഗൌണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ൧൯൪൦-ലും ൧൯൪൧-ലും ചിറ്റൂർ താലൂക്കിൽ എത്ര ഏക്കർ വീതം കരിമ്പു കൃഷിചെയ്തിട്ടുണ്ട്;

(ബി) വെല്ലത്തിന്റെ വില ക്ലിപ്തപ്പെടുത്തിയതു് ഏതുകൊല്ലത്തിലാണ്; ഇപ്പോൾ വെല്ലം മുട്ട ഒന്നിന്ന് എത്ര ഉറപ്പികയാണ് തീർച്ചപ്പെടുത്തിയിട്ടുള്ളതു്; എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ്;

(സി) വെല്ലം ഉണ്ടാക്കുന്നതിന്ന് മെഷിനറി കൂലി, കന്നിന്റെ വില, പരുത്തിക്കൊട്ട മുതലായ സാധനങ്ങൾ എത്ര ഇരട്ടി യുദ്ധക്കാലത്തു കൂടിയെന്ന ഗവൺമെണ്ട് മനസ്സിലാക്കിട്ടുണ്ടോ; ടി വെല്ലം ഉണ്ടാക്കുവാനുള്ള മെഷിനറി ബ്രിട്ടീഷിൽനിന്ന് ചിറ്റൂർ താലൂക്കിലേക്ക് കൊണ്ടുവരുവാൻ പെർമിറ്റ് കിട്ടുന്നതിനും മറ്റും വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ;

(ഡി) വില ക്ലിപ്തപ്പെടുത്തിയതുകൊണ്ട് കരിമ്പുകൃഷിക്കാർക്ക് നേരിട്ടിട്ടുള്ള സങ്കടത്താലാണ് ൧൯൪൧-ൽ കരിമ്പുകൃഷി കുറവായതെന്നും ൧൯൪൦-ൽ ഒടുവിൽ ചിറ്റൂർ താലൂക്കിൽ വെല്ലം ഇല്ലാതെ ജനങ്ങൾ ബുദ്ധിമുട്ടിയതെന്നും ഗവൺമെണ്ട് മനസ്സിലാക്കീട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കരിമ്പുകൃഷിക്കാരുടെ സങ്കടപരിഹാരത്തിന്നായി വെല്ലത്തിന്റെ വില കൂട്ടുവാനും കൃഷിക്കാരെ പ്രോത്സാഹിപ്പിപ്പാനുമായി ഗവൺമെണ്ടുദ്ദേശിച്ചിട്ടുണ്ടോ?

റാവു സാഹിബ് എം. എം. പോൾ:

(എ) ൧൯൪൦-ൽ വ്യത്യസ്തമുണ്ട്, ൧൯൪൧-ൽ മുൻവർഷത്തെ ഏകദേശം കരിമ്പു കൃഷി ചെയ്തിട്ടുണ്ട്.

(ബി) ഫെർഡിനാന്റ് ജൂൺ ഡിവിഷൻ- (൧൯—൧൯—൧൯൧൯) മുതല്ക്കാണ് വെല്ലത്തിന്റെ വില്പനവില ക്ലിപ്തപ്പെടുത്തീട്ടുള്ളതു്. ഇപ്പോൾ ചിറ്റൂർ താലൂക്കിൽനിന്നും വാങ്ങുന്ന ശർക്കരക്ക് താഴെ പറയുന്ന വിലയാണ് നിജപ്പെടുത്തിയിരിക്കുന്നതു്.—

ഒന്നാംതരം	ക. ൨൧—	ന— ൦	per cwt.
രണ്ടാംതരം	ക. ൨൦—	൦— ൦	,,
മൂന്നാംതരം	ക. ൧൨—	൧൦— ൦	,,

കൃഷിച്ചിലവു് അടുത്ത ബ്രിട്ടിഷ് പ്രദേശങ്ങളിലുള്ള വില മുതലായവ കണക്കാക്കീട്ടാണ് വില നിശ്ചയിച്ചിട്ടുള്ളതു്.

(സി) ഉവ്വ്. കുറെ കൂടീട്ടുണ്ടെന്നറിയാം. വെല്ലം ഉണ്ടാക്കുവാനുള്ള മെഷിനറി ബ്രിട്ടീഷിൽനിന്ന് ചിറ്റൂർ താലൂക്കിലേക്ക് കൊണ്ടുവരുവാൻ പെർമിറ്റിന്റെ ആവശ്യം ഇപ്പോൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഫ ഫ ഫ ൦-ൽ ഒടുവിൽ വെള്ളത്തിന്റെ അല്പം ക്ഷാമം നേരിട്ടതു ചോദ്യത്തിൽ പറയുന്ന കാരണങ്ങൾകൊണ്ടല്ല. ആയതിന്റെ കാരണം പുറം രാജ്യങ്ങളിൽനിന്നും വരുണ്ടായിരുന്ന ശക്കര വരാതിരുന്നതും ഈ രാജ്യത്തു കരിമ്പുകൃഷി ചുരുങ്ങിയതിന്നുള്ള പ്രധാനകാരണം ഫ ഫ ഫ വ്യ-ലെ ഫൻ-ാംനമ്പ് വിളംബരത്തിലെ നെല്ല വിതക്കുന്ന നിലങ്ങളിൽ പുതിയ വിളവ് എറക്കുന്നതിനെ നിരോധിക്കുന്ന ഉത്തരവും ആണ്.

(ഇ) മൻചോദ്യത്തിന്റെ മറുപടികൊണ്ടു ഉത്തരം ആവശ്യമില്ല.

MATERNITY BENEFITS TO LABOURERS

612. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) തൊഴിൽശാലകളിലെ തൊഴിലാളി സ്ത്രീകൾക്കു തൊഴിൽശാലകളിൽനിന്നു പ്രസവാനുകൂല്യം (ധനസഹായം) നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രവീതം കൊടുക്കുന്നു;

(സി) ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ഗവമ്മെണ്ടു് എന്തെങ്കിലും നിശ്ചയം ചെയ്തിട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഉണ്ടു്.

(ബി) നിയമപ്രകാരം ദിവസം ഒന്നുക്കു് മുന്നണപ്രകാരമോ അതിൽ കൂടുതലായ ഒരു നിരക്കോ കൊടുത്തുവരുന്നുണ്ടു്.

(സി) ഉവ്വു്. തൊഴിലാളി സ്ത്രീകളുടെ പ്രസവാനുകൂല്യത്തെ നിയന്ത്രിക്കുവാൻ ഫ ഫ ഫനു-ൽ കൊച്ചി പ്രസവാനുകൂല്യ ആക്ടു് നടപ്പിൽ വരുത്തീട്ടുണ്ടു്.

INDUSTRIAL SCHOOLS IN THE STATE

613. Mr. P. Mani *(Kanayannur):* Will Government be pleased to state.—

(*a*) the number of Industrial Schools in the State with the strength of each at the beginning of the acadamic year 1120—21;

(*b*) what is the expense incurred for each of these Industrial Schools in 1120;

(*c*) has the Government converted any of the Industrial Schools into the Industrial Co-operative Societies?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) and (*b*) A statement containing the required particulars is appended *(Appendix IX)*.

(*c*) Yes. The following schools have been temporarily transferred to the control of Industrial Co-operative Societies.—

1. G. I. School, Desamangalam.
2. Do. Chittur.
3. Do. Kunnamkulam.
4. Do. Nemmara.

INDUSTRIAL CO-OPERATIVE SOCIETIES

614. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടു് സദയം മറുപടിപറയുമോ.—

(എ) ഏതെല്ലാം വ്യവസായ പരസ്പരസഹായ സംഘങ്ങളിലാണു് ഗവമ്മെണ്ടിൽനിന്നു് ശമ്പളം കൊടുത്തു് സിക്രട്ടറിമാരെ നിയമിച്ചിരിക്കുന്നതു്;

(ബി) ഈ വ്യവസായങ്ങൾ എല്ലാം ആദ്യം പരസ്പരസഹായസംഘം രജിസ്ട്രാർ അവർകളുടെ കീഴിലായിരുന്നില്ലെ;

(സി) മിസ്റ്റർ ശ്രീധരമേനോനെ അസിസ്റ്റാണ്ടു് ഡയറക്ടറായി നിയമിച്ചതിനു ശേഷമല്ലെ ഈ വ്യവസായ സംഘങ്ങൾ വ്യവസായ ഡയറക്ടർ അവർകളുടെ വകുപ്പിലേക്കു് മാറ്റപ്പെട്ടതു;

(ഡി) അസിസ്റ്റാണ്ടു് ഇൻഡസ്ട്രിയൽ ഡയറക്ടറായി നിയമിക്കപ്പെട്ട മിസ്റ്റർ ശ്രീധരമേനവനു് എന്തെല്ലാം ജോലികളാണു് വേർതിരിച്ചു കൊടുത്തിരുന്നതു;

(ഇ) വ്യവസായ സംഘങ്ങൾ വ്യവസായ ഡയറക്ടർ അവർകളുടെ വകുപ്പിലേക്കു മാറ്റിയതുപോലെ കാഷ്ടിക പരസ്പരസഹായ സംഘങ്ങൾ കൃഷി ഡയറക്ടർ അവർകളുടെ

LIBRARY ARCHIVES Kerala Legislative Assembly